# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

ജി10-2437/2019 തീയതി- 18.06.2021

## സർക്കുലർ നം - 13/2021-22

വിഷയം- കോവിഡ് 19 പോസറ്റീവും ക്വാറന്റൈൻ ചെയ്യപ്പെടുന്നതുമായ തൊഴിലാളികൾക്ക് (1983 ലെ തൊഴിൽ ക്രമീകരണവും ക്ഷേമവും പദ്ധതി - രജിസ്റ്റേർഡ് ചുമട്ടു തൊഴിലാളികൾ) ധനസഹായം അനുവദിക്കുന്നത് - തുടർ മാർഗ്ഗനിർദ്ദേശം സംബന്ധിച്ച്.

സൂചന- 1. 21.08.2020 ലെ സർക്കുലർ നം.22/2020-21.
2. 24.08.2020 ലെ സർക്കുലർ നം.24/2020-21.

മേൽ സൂചന സർക്കുലർ നമ്പറുകൾ പ്രകാരം കോവിഡ് 19 പോസറ്റീവ് ആകുന്നവർക്കും ക്വാറന്റൈൻ ചെയ്യപ്പെടുന്നവർക്കും മാനദണ്ഡങ്ങൾക്ക് വിധേയമായി യഥാക്രമം പരമാവധി 10000/-, 5000/- എന്നിങ്ങനെ ധനസഹായം അനുവദിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

നിലവിലും ഇതേ മാനദണ്ഡം തുടർന്ന് പോകേണ്ടതാണ്. എന്നാൽ ഇപ്പോഴത്തെ കോവിഡ് 19 വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം സംബന്ധിച്ച് ചില സംശയങ്ങൾ വന്നതിനാൽ ആയതു ദൂരീകരിച്ചു കൊണ്ടുള്ള ചില മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കോവിഡ് 19 പോസറ്റീവ് ആയവർക്ക് സർക്കുലർ മാനദണ്ഡം പാലിച്ച് പരമാവധി 10000/- രൂപ നൽകിയിട്ടുണ്ടെങ്കിൽ, ടി തൊഴിലാളി വീണ്ടും കോവിഡ് 19 പോസറ്റീവ് ആകുകയോ, ക്വാറന്റൈൻ ചെയ്യപ്പെടുകയോ ചെയ്യുന്ന പക്ഷം അധിക തുക അനുവദിക്കുവാൻ പാടുള്ളതല്ല. രണ്ട് അവസ്ഥയും കൂടി ചേർത്ത് ആകെ തുക 10000/- ൽ നിജപ്പെടുത്തേണ്ടതാണ്.
2. ക്വാറന്റൈൻ ചെയ്യപ്പെട്ടവർക്ക് സർക്കുലർ മാനദണ്ഡം പാലിച്ച് പരമാവധി 5000/- രൂപ നൽകിയിട്ടുണ്ടെങ്കിൽ ടി തൊഴിലാളികൾ വീണ്ടും ക്വാറന്റൈൻ ചെയ്യപ്പെടുന്ന പക്ഷം അധിക തുക നൽകാൻ പാടുള്ളതല്ല. എന്നാൽ ഇവർ കോവിഡ് പോസറ്റീവ് ആകുന്ന പക്ഷം മുൻപ് നൽകിയ തുകയോടു കൂടി ബാക്കി തുക നൽകി പരമാവധി തുക 10000/- ത്തിൽ നിജപ്പെടുത്തേണ്ടതാണ്.
3. നിലവിലെ കോവിഡ് 19 വ്യാപന തോത് കൂടുന്ന അവസ്ഥയിൽ കോവിഡ് 19 പോസറ്റീവ് ആയവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഇതിന് സാധിക്കാത്ത പക്ഷം കോവിഡ് 19 പോസറ്റീവ് കാണിക്കുന്ന ലാബ് റിപ്പോർട്ട്, ഒപ്പം ആശാ വർക്കർ നൽകുന്ന റിപ്പോർട്ട് എന്നിവ കൂടി പരിഗണിച്ച് മാത്രം കോവിഡ് 19 ധനസഹായം നൽകുക.
4. ക്വാറന്റൈൻ ചെയ്യപ്പെട്ടവർക്ക് ആശാ വർക്കർ നൽകുന്ന റിപ്പോർട്ട്, കൂടാതെ പഞ്ചായത്ത് മെമ്പർ നൽകുന്ന സർട്ടിഫിക്കറ്റ് ഇവ രണ്ടും പരിഗണിച്ച് മാത്രം ക്വാറന്റൈൻ ധനസഹായം നൽകുക.

ഏത് സാഹചര്യമായാലും കോവിഡ് 19 പോസറ്റീവ് ആയവർക്ക് 10000/- രൂപയും, ക്വാറന്റെൻ ചെയ്യപ്പെട്ടവർക്ക് 5000/- രൂപയുമായും പരമാവധി തുക നിജപ്പെടുത്തേണ്ടതാണ്.

ടി തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച് തീരുമാനം ഉടൻ അറിയിക്കുന്നതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (I/C)

**<u>സ്വീകർത്താവ്</u>**

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാരും/കൊച്ചിൻപോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും (എല്ലാ ഉപകാര്യാലയങ്ങളിലേയ്ക്കും സർക്കുലർ സഹിതം വിവരം അറിയിക്കുന്നതിനു വേണ്ട നടപടികൾ അതത് ജില്ലാ കമ്മിറ്റി ചെയർമാൻമാർ സ്വീകരിക്കേണ്ടതാണ്.)

**<u>പകർപ്പ്</u>**

ഫിനാൻസ് ഓഫീസർ/സെക്രട്ടറി, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

അക്കൗണ്ട്സ് ഓഫീസർ (ഡബ്ല്യു& ഇ, പി&എ, ഐഎ. സ്റ്റാറ്റേർഡ്)

നിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക് (എസ്റ്റാബ്ലിഷ്മെന്റ്, ഫിനാൻസ്, സ്റ്റാറ്റേർഡ്, വെൽഫെയർ, ഓഡിറ്റ്, ക്യാഷ്) കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്